റീസർവ്വേ പ്രവർത്തനം പൂർത്തീകരിക്കുവാൻ പ്രത്യേക പദ്ധതി

3 (* 383) ശ്രീ. കെ. വി. കുഞ്ഞിരാമൻ :
ശ്രീമതി ഗിരിജാസുരേന്ദ്രൻ :
ശ്രീ. ടി. കെ. ദേവകുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര വില്ലേജുകളിൽ ഇതിനകം റീ സർവ്വെ പൂർത്തീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) റീസർവ്വെയുമായി ബന്ധപ്പെട്ട് തീർപ്പ് കൽപ്പിക്കുവാൻ എത്ര കേസുകളാണ് ബാക്കിയുള്ളത് ;

(സി) റീസർവ്വെ പ്രവർത്തനം സംസ്ഥാനത്താകെ പൂർത്തീകരിക്കുവാൻ പ്രത്യേക പദ്ധതികൾ സർക്കാർ ആലോചിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(ഇ) റീസർവ്വെ കേസ്സുകളിൽ തീർപ്പ് കൽപ്പിക്കുവാൻ പ്രത്യേക സർവ്വെ അദാലത്തുകൾ സംഘടിപ്പിക്കുന്നുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ സർവ്വെ അദാലത്തുകളുടെ പ്രവർത്തനപുരോഗതി വെളിപ്പെടുത്തുമോ ?

റവന്യൂവും നിയമവും വകുപ്പുമന്ത്രിക്കുവേണ്ടി ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്) : സർ,

(എ) 681 വില്ലേജുകളിൽ

(ബി) 26,447 കേസ്സുകൾ

(സി) ഉണ്ട്.

(ഡി) 12 വർഷം കൊണ്ട് ആധുനിക സർവ്വെ ഉപകരണങ്ങളുപയോഗിച്ച് സംസ്ഥാനത്ത് റീസർവ്വെ പൂർത്തീകരിക്കുന്നതിനുള്ള ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും അതനുസരിച്ച് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ റീസർവ്വെ പ്രവർത്തനം പുരോഗമിച്ചുവരികയും ചെയ്യുന്നു. ആധുനിക സർവ്വെ ഉപകരണങ്ങളായ ടോട്ടൽ സ്റ്റേഷൻ, ജി.പി.എസ് കമ്പ്യൂട്ടർ എന്നിവ ഉപയോഗിച്ച് തൃശ്ശൂർ താലൂക്കിലെ വിളപ്പായ വില്ലേജ്,ആവണൂർ വില്ലേജ്, ദേവികുളം താലൂക്കിലെ കെ.ജി.എസ്. വില്ലേജ് എന്നിവിടങ്ങളിലെ റീസർവ്വെ ഫീൽഡ് പ്രവർത്തനം പൂർത്തിയാക്കിയിട്ടുണ്ട്. കാസർഗോഡ് താലൂക്ക്, വൈക്കം താലൂക്ക് എന്നിവിടങ്ങളിലെ റീസർവ്വെ ആധുനിക സർവ്വെ ഉപകരണങ്ങൾ ഉപയോഗിച്ച് ചെയ്യുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. മറ്റ് ജില്ലകളിലും ശേഷിക്കുന്ന റീസർവ്വെ പ്രവർത്തനം ആധുനിക ഉപകരണങ്ങൾ ഉപയോഗിച്ച് ത്വരിതപ്പെടുത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) റീസർവ്വെ കേസ്സുകളിൽ തീർപ്പുകൽപ്പിക്കുവാൻ ഏകമാസ അദാലത്തും ഏകദിന അദാലത്തും നടത്തിവരുന്നു.

(എഫ്) ഏകദിന അദാലത്തിൽ 4,54,890 പരാതികൾ ലഭിക്കുകയും ആയതിൽ 4,44,747 പരാതികളിൽ നടപടിയെടുക്കുകയും ചെയ്തിട്ടുണ്ട്. ഏകമാസ അദാലത്തിൽ 8,75,748 പരാതികൾ ലഭിച്ചതിൽ 8,59,444 പരാതികളിൽ നടപടിയെടുത്തിട്ടുണ്ട്.

ശ്രീ. ടി. കെ. ദേവകുമാർ : സർ, 681 വില്ലേജുകളിൽ മാത്രമാണ് റീസർവ്വെ സെറ്റിൽമെന്റ് പൂർത്തിയായിട്ടുള്ളതെന്നാണ് മറുപടി തന്നിരിക്കുന്നത്. ഇപ്പോൾ പ്രമാണമോ വസ്തു വിലയാധാരമോ നടത്തണമെങ്കിൽ റീസർവ്വെ സെറ്റിൽമെന്റിന്റെ അടിസ്ഥാനത്തിലുള്ള സ്കെച്ചും പ്ലാനും കൂടി സബ് രജിസ്ട്രാർ ഓഫീസിൽ സമർപ്പിക്കണം. അത് ഇന്ന് ആളുകൾക്ക് വലിയൊരു ബുദ്ധിമുട്ടുണ്ടാവുകയും തർക്കങ്ങളും കേസുകളും പരിഹരിക്കുന്നതിന് താമസമുണ്ടാവുകയും ഫൈനൽ സെറ്റിൽമെന്റ് ഉണ്ടാകാതിരിക്കുകയും ചെയ്യുന്ന പ്രശ്നമായിരിക്കുകയാണ്. പെൺകുട്ടികളെ വിവാഹം കഴിച്ചയയ്ക്കുന്നതിനും കടം തീർക്കുന്നതിനുമൊക്കെ കുറച്ച് ഭൂമി വിൽക്കണമെങ്കിൽ അതിന്റെ റീസർവ്വെ സെറ്റിൽമെന്റ് ഫയലിൽ കിട്ടി അതിന്റെ പ്ലാൻ കൊടുത്തെങ്കിൽ മാത്രമേ സാധിക്കൂ. അങ്ങ് ഇവിടെ പറഞ്ഞിരിക്കുന്ന ഉത്തരത്തിൽ 12 വർഷം കൊണ്ട് ഇത് ശരിപ്പെടുത്താമെന്നാണ് ഉദ്ദേശിക്കുന്നതെന്ന് പറഞ്ഞു. ഇത് യഥാർത്ഥത്തിൽ ഉണ്ടാക്കുന്ന ബുദ്ധിമുട്ട് പരിഹരിക്കാൻ അടിയന്തിരമായി രജിസ്ട്രേഷൻ വകുപ്പിന്റെ കൂടി ചുമതലയുള്ള മന്ത്രി ഇക്കാര്യത്തിൽ, ഈ പ്ലാൻ കൊടുക്കുക എന്ന സംവിധാനം ഒഴിവാക്കി കൊടുത്തുകൊണ്ട് സഹായിക്കാൻ തയ്യാറാകുമോ ?

ശ്രീ. സി.എഫ്. തോമസ് : ഇക്കാര്യത്തിൽ പറഞ്ഞ കാര്യങ്ങൾ പ്രധാനപ്പെട്ടതാണ്. ജനങ്ങൾക്ക് ഇങ്ങനെയുള്ള കാര്യങ്ങളിൽ പ്രയാസം വരുന്നുണ്ട്. അതിനായിട്ടാണ് ആധുനിക ഉപകരണങ്ങൾ തന്നെ ഉപയോഗിച്ച് റീസർവ്വെ പൂർത്തീകരിക്കാനായിട്ടും സർവ്വെയ്ക്ക് ശേഷമുള്ള നടപടികൾ ത്വരിതപ്പെടുത്താനും ഗവൺമെന്റ് നടപടികൾ സ്വീകരിച്ചുവരുന്നത്.

ശ്രീ. ടി. കെ. ദേവകുമാർ : ഉത്തരമനുസരിച്ച് 12 കൊല്ലം കഴിയും 681 വില്ലേജുകൾ കഴിഞ്ഞ് ബാക്കിയുള്ളത് ഫൈനലൈസ് ചെയ്യാൻ. എന്റെ മറ്റൊരു ചോദ്യം ഏറെ വിവാദം സൃഷ്ടിച്ച ഒരു പ്രശ്നമുണ്ടല്ലോ? വനഭൂമിയും റവന്യൂ ഭൂമിയും തമ്മിലുള്ള അതിർത്തി നിർണ്ണയിക്കുക, അതിന്റെ കയ്യേറ്റത്തെ സംബന്ധിച്ചുമൊക്കെ. ഇപ്പോൾ മതികെട്ടാൻ, വനഭൂമി കയ്യേറി കൈവശം വച്ചിരിക്കുന്നുവെന്ന് വളരെ തർക്കമുള്ളതും കുറെ റവന്യൂ ഉദ്യോഗസ്ഥൻമാരുടെ നേരെ നടപടിയെടുക്കുകയും അവരെയെല്ലാം അതേ സ്ഥാപനത്തിൽ തന്നെ തിരിച്ച് നിയമിക്കുകയും ചെയ്ത സംഭവം ഈ സഭ ചർച്ച ചെയ്തിട്ടുള്ളതുകൊണ്ട് ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. റവന്യൂ ഡിപ്പാർട്ട്മെന്റ് റീസർവ്വെ സെറ്റിൽമെന്റ് ഫൈനലൈസ് ചെയ്തിട്ട് വനം ഡിപ്പാർട്ട്മെന്റിന്റെ ഭൂമി വനത്തിന്റെതായും റവന്യൂവിന്റെത് റവന്യൂവായും

LIBRARY ARCHIVES Kerala Legislative Assembly

വേർതിരിച്ചെടുത്തുകൊണ്ട് കയ്യേറ്റക്കാരെ കൈകാര്യം ചെയ്യാൻ ഒരു സമയബന്ധിത പരിപാടി ആവിഷ്ക്കരിക്കുമോ ?

ശ്രീ. സി. എഫ്. തോമസ്: ഇത് ഈ ചോദ്യത്തിനകത്ത് വരുന്നതല്ല. റീസർവ്വേയും വനഭൂമിയും തമ്മിലുള്ള പ്രശ്നമാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി കഴിഞ്ഞ പ്രാവശ്യം റീസർവ്വെ നടന്നുവെങ്കിലും ഓഫീസുകളിൽ റിക്കോർഡ് ശരിപ്പെടുത്താൻ സ്റ്റാഫ് ഇല്ലാത്തതുകൊണ്ട് റീസർവ്വെ കൊണ്ട് ഒരു പ്രയോജനവും ഉണ്ടായിട്ടില്ല. എന്നാൽ ഇപ്പോൾ നടത്തുന്ന റീസർവ്വെയ്ക്ക് സൈമൾട്ടേനിയസായി തന്നെ റിക്കോർഡ് കൂടി ശരിപ്പെടുത്താനുള്ള സ്റ്റാഫിനെ നിയമിക്കാനും നടപടി കൈക്കൊള്ളാനും ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. സി. എഫ്. തോമസ് : സ്റ്റാഫിന്റെ കുറവ് നികത്താനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചുവരുന്നുണ്ട്.

ശ്രീ. പിരപ്പൻകോട് മുരളി : തിരുവനന്തപുരം ജില്ലയിലെ എത്ര വില്ലേജുകളിൽ റീസർവ്വെ പൂർത്തിയായിട്ടുണ്ട്; ഇനി പൂർത്തിയാക്കാനുള്ളത് എപ്പോൾ പൂർത്തിയാക്കുമെന്ന് പറയാമോ ?

ശ്രീ. സി. എഫ്. തോമസ് : സംസ്ഥാനത്താകെ 681 വില്ലേജുകളിൽ പൂർത്തിയായി. തിരുവനന്തപുരം ജില്ലയിലേത് പ്രത്യേകം നോട്ടീസ് ഉണ്ടെങ്കിലേ പറയാൻ കഴിയൂ.

ശ്രീ. എൻ. ഡി. അപ്പച്ചൻ : സർ, റീസർവ്വേ പൂർത്തീകരിച്ച വിവിധ വില്ലേജുകളിൽ ഭൂമി മറ്റൊരാളുടെ പേരിൽ കിടക്കുന്ന ചില പ്രശ്നങ്ങളൊക്കെയുണ്ട്. അത്തരം പ്രശ്നങ്ങൾ കാരണം ഇന്ന് ജനങ്ങൾ കോടതി കയറിക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ഒരു മറുപടിപറഞ്ഞു. ഒരു മാസ അദാലത്തോ ദിവസ അദാലത്തോ സംഘടിപ്പിച്ചുകൊണ്ട് പ്രശ്നങ്ങൾ പരിഹരിക്കാൻവേണ്ടി ഏർപ്പാടു ചെയ്യാമെന്ന്. വർഷങ്ങൾ പിന്നിട്ടിട്ടും ഈ പ്രശ്നങ്ങൾ പരിഹരിക്കാതെ കിടക്കുന്നതുകൊണ്ടുതന്നെ സാധാരണക്കാരായ ജനങ്ങൾ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നുണ്ട്. ഈ അദാലത്തുകളിൽകൂടി ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ വേണ്ട നടപടികൾ ത്വരിതപ്പെടുത്താമോ, ആ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുമോ ?

ശ്രീ. സി. എഫ്. തോമസ് : സർ, സർവ്വേ പൂർത്തിയായ വില്ലേജുകളിലാണ് നമ്മൾ ഏക മാസ അദാലത്തുകളും ഏകദിന അദാലത്തുകളും നടത്തുന്നത്. അത് കുറച്ചുകൂടെ വേഗതയിലാക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുന്നുണ്ട്.

ശ്രീ. വി. ചെന്താമരാക്ഷൻ : സർ, റീ സർവ്വേയുടെ ഭാഗമായി ഗുരുതരമായ പിശക് സംഭവിച്ചിട്ടുണ്ട്. സർവ്വേനമ്പറുകൾ മാറിയതിന്റെ ഫലമായി ഉടമസ്ഥാവകാശംതന്നെ മാറിപ്പോയിട്ടുണ്ട്. കൃഷിഭൂമി പറമ്പായി മാറിയിട്ടുണ്ട്. പറമ്പ് കൃഷിഭൂമിയായി മാറിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ നിരവധി സാങ്കേതിക തടസ്സങ്ങൾ ജനങ്ങൾക്കുണ്ടാവുകയാണ്. ഈ തടസ്സങ്ങൾ പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എഫ്. തോമസ് : സർ, ഇതിനുവേണ്ടിത്തന്നെയാണ് റീസർവ്വേ നമ്മുടെ സംസ്ഥാനത്ത് തുടങ്ങിയത്. കരഭൂമി കൃഷിഭൂമിയായിട്ട് മാറുന്നു. അതുപോലെ ഇപ്പോഴുള്ള സർവ്വേനമ്പറുകളിൽ സബ്ഡിവിഷൻസ് ധാരാളം വരുന്നു. റിക്കാർഡുകളൊക്കെ പഴയതാകുന്നു. കറക്ഷൻ വരുത്താൻ സാധിക്കുന്നില്ല. ഈ സാഹചര്യത്തിലാണ് റീസർവ്വേ തുടങ്ങിയത്. അതിന് കുറച്ച് സമയമെടുക്കും.

ശ്രീ. എം. മുരളി : സർ, ഇപ്പോഴത്തെ ഈ റീസർവ്വേ ഐക്യകേരളം ഉണ്ടായതിനുശേഷം ആദ്യത്തെ റീസർവ്വേയാണ്. 35 വർഷമായി ആരംഭിച്ചിട്ട്. ഇനി 12 വർഷങ്ങൾകൂടി വേണം. അത്യാധുനിക ഉപകരണങ്ങൾകൂടി പ്രയോജനപ്പെടുത്താൻ പോകുന്നുവെന്നാണ് പറഞ്ഞത്. അത്യാധുനിക ഉപകരണങ്ങളുടെ കുറവല്ല റീസർവ്വേയ്ക്ക് ചുമതലപ്പെടുത്തിയിരിക്കുന്ന സ്റ്റാഫിന്റെ അപര്യാപ്തത, അവരുടെ ആത്മാർത്ഥതക്കുറവ്, അതുണ്ടാക്കുന്ന അഴിമതി അതാണ് പ്രധാന കാരണം. 3 മാസംകൊണ്ട് ഇത് പൂർത്തീകരിക്കാൻ കഴിയും. റവന്യു വകുപ്പിന്റെ മുഴുവൻ സന്നാഹങ്ങളും കേന്ദ്രീകരിച്ചുകൊണ്ട് സ്ഥിരം അദാലത്തിലൂടെ ഈ റീസർവ്വേ പ്രക്രിയ കേരളത്തിൽ പൂർത്തീകരിക്കാൻവേണ്ട നടപടി സ്വീകരിക്കുമോ ?

ശ്രീ. സി. എഫ്. തോമസ് : സർ, റീസർവ്വേ നടത്തുക എന്ന് പറയുന്നതും അദാലത്തും രണ്ടും രണ്ട് കാര്യങ്ങളാണ്. റീസർവ്വേ നടത്തിക്കഴിഞ്ഞിട്ട് അതിൽ വന്ന പരാതികൾ സമർപ്പിക്കാനാണ് അദാലത്തുകൾ സംഘടിപ്പിക്കുന്നത്.

ശ്രീ. സാജൂപോൾ : സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ മറുപടി പറഞ്ഞതിനിടയിൽ ആറ് പ്രാവശ്യം ആധുനിക എന്ന വാക്ക് ഉപയോഗിക്കുകയുണ്ടായി.

മി. സ്പീക്കർ : അത് തെറ്റാണോ ?

ശ്രീ. സാജു പോൾ : സർ, തെറ്റാണെന്നല്ല, എന്നാൽ എറണാകുളം കളക്ടറേറ്റിൽ സർവ്വേ ഡിപ്പാർട്ടുമെന്റിന്റെ ആഫീസിൽ ചെന്നാൽ അവിടെ ഒരു മണിക്കൂർ നിൽക്കുന്ന ആളുകൾക്ക് അലർജിയും ഇസിനോഫീലിയായും വരത്തക്കരീതിയിൽ പൊടിപിടിച്ച് വളരെ പ്രാകൃതമായ ഒരവസ്ഥയിലാണ് ഈ റിക്കാർഡുകളെല്ലാം സൂക്ഷിച്ചിട്ടുള്ളത്. അതുപോലെ താലൂക്ക് തലത്തിലുള്ള ഒരു താലൂക്ക് സർവ്വേയറെ കാണുകയെന്നു പറഞ്ഞാൽ ബഹമാനപ്പെട്ട റവന്യുവകുപ്പ് മന്ത്രിയെ കാണുന്നതിനെക്കാൾ ബുദ്ധിമുട്ടാണ്. ഇത് അവരുടെ കുറ്റംകൊണ്ടല്ല. ജോലിത്തിരക്കുകൊണ്ടാണ്. അപ്പോൾ ആവശ്യമായ ഉദ്യോഗസ്ഥന്മാരെ താലൂക്ക് തലത്തിൽ നിയമിക്കാനും ഇപ്പോഴുള്ള ജില്ലാതല ആഫീസുകളിലെ റിക്കാർഡ് സൂക്ഷിപ്പിലെ അപാകതകൾ പരിഹരിക്കാനും ബഹുമാനപ്പെട്ട മന്ത്രി നടപടി സ്വീകരിക്കുമോ ?

ശ്രീ. സി. എഫ്. തോമസ് : ആധുനിക ഉപകരണങ്ങൾ വാങ്ങിയത് റീസർവ്വേ വേഗത്തിലാക്കാനാണ്. സർക്കാർ ആഫീസുകളിൽ ഇങ്ങനെ ചില അസൗകര്യങ്ങളുണ്ട്. അത് പ്രത്യേകമായിട്ട് നോക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. പി. എം. സാഹിർ : സർ, വികസനവുമായി ബന്ധപ്പെട്ട് ഒരുപാട് കടലാസുകൾ വേണ്ട ആഫീസാണ് സർവ്വേ ഡിപ്പാർട്ടുമെന്റ്. പക്ഷേ വികസനംതന്നെ മുട്ടിനിൽക്കുന്ന ഒരു ഗതികേടിലാണ് ഇന്ന് കേരളമൊട്ടാകെയുള്ളത്. രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിൽ ആധാരം രജിസ്റ്റർ ചെയ്യുന്നതിന് ലൈസൻസ്ഡ് രജിസ്ട്രേഷൻ സർവ്വേ ആൾക്കാരുണ്ട്. അതുപോലെ എം.എൽ.എ.മാരുടെയും മറ്റും റോഡുകൾ ചെയ്താൽ അത് സർവ്വേ ചെയ്ത് റിക്കാർഡ് വകുപ്പിൽ ലഭിക്കുന്നതിന് പ്രൈവറ്റ് ആൾക്കാരെ നിയമിക്കാൻ ശ്രദ്ധിക്കുമോ ?

ശ്രീ. സി. എഫ്. തോമസ് : സർവ്വേ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാർക്ക് റീസർവ്വേ മാത്രമല്ല ചെയ്യേണ്ടത്. സർവ്വേ സംബന്ധിച്ച് ഒരുപാട് കാര്യങ്ങൾ ഇപ്പോൾ അവരെ ഏൽപ്പിക്കുന്നുണ്ട്. പി.ഡബ്ല്യു.ഡി. യുടെ പുതിയ വികസന പദ്ധതികളെല്ലാം തന്നെ, എം.സി. റോഡ്, എം. ജി. റോഡ് അതൊക്കെ വിപുലമായ പദ്ധതികളാണ്. അവിടെയും സർവ്വേ ഡിപ്പാർട്ടുമെന്റിലെ സർവ്വേയേഴ്സിനെയാണ് അയയ്ക്കാൻ പറയുന്നത്. അതുപോലെ ലാന്റ് അക്വിസിഷൻ അതിനുള്ള കാര്യങ്ങൾക്കും സർവ്വേയേഴ്സിനെ അയയ്ക്കുന്നുണ്ട്. ഇവരെ ഏല്പിച്ചിരിക്കുന്ന പ്രധാനപ്പെട്ട ജോലി വിട്ട് മറ്റ് കാര്യങ്ങളും കൂടി ഇവർ ചെയ്യുന്നതുകൊണ്ട് ഇവിടെ കുറെ താമസം വരുന്നുണ്ട്.

Mr.speaker : You have done well on behalf of the Revenue Minister.

(ചോദ്യകർത്താക്കൾ ഹാജരില്ലാതിരുന്നതിനാൽ *384-ാം നമ്പർ ചോദ്യം ഉന്നയിക്കപ്പെട്ടില്ല.)

സ്കൂൾ അദ്ധ്യാപകർക്ക് നൽകിവരുന്ന പരിശീലന പരിപാടി

4 (*385) ശ്രീ. മത്തായി ചാക്കോ :
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ :
ശ്രീ. പിരപ്പൻകോട് മുരളി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരിഷ്ക്കരിച്ച പാഠ്യപദ്ധതിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് സ്കൂൾ അദ്ധ്യാപകർക്ക് നൽകിവരുന്ന പരിശീലനം ഈ വർഷം ആരംഭിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത പരിശീലന പരിപാടി എപ്പോൾ ആരംഭിക്കുമെന്നും എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ ;

(സി) ഈ അദ്ധ്യയനവർഷം പരിശീലന പരിപാടി വൈകിയതിന് കാരണമെന്താണെന്ന് വ്യക്തമാക്കുമോ ;

(ഡി) അദ്ധ്യയനം ആരംഭിച്ചതിനുശേഷം പരിശീലന പരിപാടി നടത്തുന്നത് വിദ്യാർത്ഥികളുടെ പഠനത്തെ ബാധിക്കുമെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly